## പതിനാലാം കേരള നിയമസഭ

**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.404**

**29-01-2019 ൽ മറുപടിക്ക്**

## കിഫ്ബിയുടെ പ്രോജക്ക് അപ്രൈസൽ ഡിവിഷൻ

| ചോദ്യം<br>ശ്രീ. എ. പി. അനിൽ കുമാർ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബിയുടെ പ്രോജക്ക് അപ്രൈസൽ ഡിവിഷന്റെ ചുമതലകൾ എന്തൊക്കെയാണ്; | ബന്ധപ്പെട്ട ഭരണ വകുപ്പ് പുറപ്പെടുവിക്കുന്ന ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ ചുമതലപ്പെട്ട പദ്ധതി നിർവ്വഹണ ഏജൻസികൾ കിഫ്ബിയിൽ സമർപ്പിക്കുന്ന വിശദമായ പദ്ധതി റിപ്പോർട്ട് പരിശോധിക്കുകയും ആവശ്യമെങ്കിൽ പദ്ധതി പ്രദേശം സന്ദർശിച്ച് പദ്ധതി റിപ്പോർട്ട് കുറ്റമറ്റതാക്കുന്നതിന് പദ്ധതി നിർവ്വഹണ ഏജൻസികൾക്ക് വ്യക്തമായ നിർദ്ദേശം കൊടുക്കുകയും, അത്തരത്തിൽ പരിഷ്കരിച്ച് / തെറ്റുതിരുത്തി നൽകുന്ന റിപ്പോർട്ട് കിഫ് ബോർഡിന് / എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ സമർപ്പിച്ച് സാമ്പത്തികാനുമതി ലഭ്യമാക്കുന്നതും അതിനാവശ്യമായ ഉത്തരവിറക്കുന്നതും അപ്രൈസൽ ഡിവിഷന്റെ ചുമതലയാണ്. പദ്ധതികളുടെ എണ്ണക്കൂടുതലും സമയബന്ധിത സ്വഭാവവും കാരണം പരിശോധനക്കായി സർക്കാർ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പമെന്റിന്റെ സഹായം കൂടി ഇതിനായി ലഭ്യമാക്കിയിട്ടുണ്ട്. അംഗീകാരം നൽകിയ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ബന്ധപ്പെട്ട എസ്.പി.വി. കൾക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും പ്രസ്തുത ഡിവിഷൻ നൽകുന്നു. |
| (ബി) പ്രസ്തുത അപ്രൈസൽ ഡിവിഷനിലെ ജീവനക്കാരുടെ ശമ്പളം, മറ്റ് ആനുകൂല്യങ്ങൾ എന്നീ ഇനങ്ങളിൽ എത്ര തുക നാളിതുവരെ ചെലവഴിച്ചു എന്നറിയിക്കാമോ? | അപ്രൈസൽ ഡിവിഷനിലെ ജീവനക്കാരുടെ ശമ്പളം, മറ്റ് ആനുകൂല്യങ്ങൾ എന്നീ ഇനങ്ങളിൽ നാളിതുവരെ 1,32,45,900 രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ